## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 351 29.06.2016-ൽ മറുപടിയ്ക്ക്

### റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നിയിൽ പ്രഖ്യാപിച്ച റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | അനുയോജ്യമായ ഭൂമി ലഭിക്കാതിരുന്നതു കൊണ്ടാണ് റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത്. കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് സംയുക്ത സംരംഭമായി എറണാകുളം ജില്ലയിലെ ഐരാപുരത്ത് നിലവിൽ ഒരു റബ്ബർ പാർക്ക് ഉള്ളതുകൊണ്ടും, കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽപെട്ട പിറവന്തൂരിൽ പ്രവർത്തനം നിലച്ച ട്രാവൻകൂർ പ്ലൈവുഡിന്റെ 51 ഏക്കർ ഭൂമിയിൽ റബ്ബർ ബോർഡും, കിൻഫ്രയും ചേർന്ന് പുതുതായി ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു എന്നതിനാലും, വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ചു കൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോണുകൾ സ്ഥാപിക്കാനായിരുന്നു മുൻഗണന നൽകിയിരുന്നത് എന്നതിനാലും, റാന്നിയിൽ സ്ഥാപി ക്കാൻ ഉദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് വയ്ക്കാൻ 24.07.2014-ലെ 64-ാമത് കിൻഫ്ര ബോർഡ് തീരുമാനിച്ചിരുന്നു. |
| ബി) | റാന്നി കേന്ദ്രീകരിച്ച് പുതിയ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| സി) | റോഡു നിർമ്മാണത്തിൽ ഒരു അസംസ്കൃത വസ്തുവായി റബ്ബർ ഉപയോഗിച്ച് റബ്ബറധിഷ്ഠിത ടാറിംഗ് നിർബന്ധമാക്കിയാൽ റോഡുകൾക്ക് ദീർഘകാലം ഉറപ്പ ലഭിയ്ക്കും എന്നും റബ്ബർ മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഇത് ഒരളവു വരെ സഹായകരമാവും എന്നുമുള്ളതിനാൽ ഇത്തരം വ്യവസായങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജില്ലാ റോഡുകളുൾപ്പെടെയുള്ള റോഡുകളിൽ ഉപരിതലം പുതുക്കുമ്പോൾ പരമാവധി റബ്ബറൈസ്ഡ് ടാറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ